പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നംപർ.1243

08.02.2013 ൽ
മറുപടിക്ക്

## ചെറുതുരുത്തി തടയണ നിർമ്മാണം

| ചോദ്യം<br>ശ്രീ.കെ.രാധാകൃഷ്ണൻ : | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പു മന്ത്രി) |
|---|---|
| (എ) റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിച്ച് ചേലക്കര നിയോജക മണ്ഡലത്തിൽ ചെറുതുരുത്തി തടയണ നിർമ്മാണം എന്ന് ആരംഭിച്ചു; ഇതേവരെ വിനിയോഗിച്ച തുകയുടെ വിശദാംശം നൽകുമോ; | (എ) റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിച്ച് ചേലക്കര നിയോജക മണ്ഡലത്തിൽ ചെറുതുരുത്തി തടയണ നിർമ്മാണം ആരംഭിച്ച തീയതി 27-11-2008 ആണ്. ടി പ്രവർത്തിക്കായി ഇതുവരെ വിനിയോഗിച്ച തുക 1,81,20,000/- രൂപയാണ്. |
| (ബി) ഈ പദ്ധതിനിർമ്മാണം നിർത്തിവെച്ചിട്ട് എത്ര കാലമായി; നിർത്തിവെയ്ക്കാനുള്ള കാരണം വിശദമാക്കുമോ; | (ബി) ഈ പ്രവൃത്തിയുടെ നിർമ്മാണം നിർത്തി വച്ചത് 27-05-2010 തീയതിയിലാണ്. മേൽ പ്രവർത്തി പുനരാരംഭിക്കുവാൻ 2011 മാർച്ച് മാസത്തിൽ കോൺട്രാക്ടർ ശ്രമിച്ചിരുന്നെങ്കിലും ഭാരതപ്പുഴയിലെ അനിയന്ത്രിതമായ അടിയൊഴുക്ക് മൂലം നിലവിലെ ഡിസൈനും എസ്റ്റിമേറ്റും പ്രകാരം ടി പ്രവർത്തി പൂർത്തീകരിക്കാൻ സാധിക്കാതിരുന്നതിനാലാണ് ടി പ്രവർത്തി നിർത്തി വക്കുവാൻ കാരണം. കൂടാതെ മേൽ പ്രവർത്തി ഏറ്റെടുത്തിരുന്ന കരാറുകാരൻ മരണപ്പെട്ടതിനാൽ കരാർ റദ്ദായിട്ടുള്ളതുമാണ്. |
| (സി) നിർത്തിവെച്ച പ്രവൃത്തി പുനരാരംഭിക്കുവാൻ ജലവിഭവ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഉന്നതതല യോഗം ചേർന്നതെപ്പോഴാണ്; അതിനുശേഷം നടന്ന നടപടികൾ എന്ത്; വിശദമാക്കുമോ; | (സി), (ഡി) & (ഇ ) നിർത്തിവെച്ച മേൽ പ്രവൃത്തി പുനരാരംഭിക്കുവാൻ ജലവിഭവ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ 04-11-2011, 25-06-2012 എന്നീ തീയതികളിൽ യോഗങ്ങൾ ചേർന്നിട്ടുള്ളതാണ്. പ്രസ്തുത യോഗങ്ങളിലെ നിർദ്ദേശപ്രകാരം ജലവിഭവ വകുപ്പ് തയ്യാറാക്കി സമർപ്പിച്ച 12 കോടി രൂപയുടെ എസ്റ്റിമേറ്റ് തൃശ്ശൂർ ജില്ലാ |

(ഡി) ഉന്നതതലയോഗതീരുമാനങ്ങളുടെ ഭാഗമായി ജലവിഭവവകുപ്പ് തയ്യാറാക്കി സമർപ്പിച്ച നിർദ്ദേശങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വെളിപ്പെടുത്തുമോ;

(ഇ) ഈ പദ്ധതിയുടെ കാലതാമസം ഒഴിവാക്കി നിർമ്മാണം പുനരാരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

വിദഗ്ധ സമിതി അംഗീകരിച്ച് പുതുക്കിയ ഭരണാനുമതിയ്ക്കായി 04-09-2012 തീയതിയിൽ സർക്കാരിലേയ്ക്ക് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. തുടർന്ന് മേൽ പ്രവർത്തിക്ക് 2012 ലെ റിവൈസ്ഡ് റേറ്റ് പ്രകാരം 12.2 കോടി രൂപ ആവശ്യമാണെന്ന് അറിയിച്ച് ഇറിഗേഷൻ വകുപ്പ് അധികൃതർ എസ്റ്റിമേറ്റ് സമർപ്പിച്ചതിനെത്തുടർന്ന് 12.2 കോടി രൂപയുടെ എസ്റ്റിമേറ്റ് ജില്ലാ വിദഗ്ധ സമിതി അംഗീകരിച്ച് പുതുക്കിയ ഭരണാനുമതിയ്ക്കായി സർക്കാരിലേക്ക് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് 50,000/- രൂപയിൽ കൂടുതൽ ചെലവ് വരുന്ന പ്രൊപ്പോസലുകൾക്ക് ജില്ലാതല വിദഗ്ധ സമിതി ശുപാർശ ചെയ്തശേഷം സംസ്ഥാന ഉന്നതതല സമിതി അംഗീകരിച്ചാൽ മാത്രമേ ഭരണാനുമതി നൽകുവാൻ സാധിക്കുകയുള്ളു.

2001 ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ആക്ട് ഭേദഗതി ചെയ്തുകൊണ്ട് പുറപ്പെടുവിച്ചിരുന്ന 2011 മാർച്ച് 18 ലെ 20-ാം നമ്പർ ഓർഡിനൻസ് പ്രകാരമാണ് സംസ്ഥാന ഉന്നതതല സമിതി രൂപീകരിച്ചിരുന്നത്. എന്നാൽ പ്രസ്തുത ഓർഡിനൻസ് 2011 ജൂൺ, ജൂലൈ മാസങ്ങളിൽ ചേർന്ന നിയമസഭാ സമ്മേളനത്തിൽ ബിൽ എടുക്കാതിരുന്നതിനാൽ 13-07-2011 ൽ ലാപ്സ് ആകുകയുണ്ടായി. ഭേദഗതി ഓർഡിനൻസ് വീണ്ടും 15-01-2013 ൽ പുറപ്പെടുവിച്ചിട്ടുണ്ട്. അതനുസരിച്ച് സംസ്ഥാന ഉന്നതതല സമിതി രൂപീകരണത്തിനുള്ള കരട് വിജ്ഞാപനം

പുറപ്പെടുവിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

സമിതി രൂപീകരിക്കുന്ന മുറയ്ക്ക് ടി പ്രൊപ്പോസൽ സമിതിയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**